## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം.

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ. 7344 | 14.07.2014- ലെ<br>മറുപടിക്ക്. |

### പെർഫോമൻസ് മോണിട്ടറിംഗ് ഇവാലുവേഷൻ മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ പെർഫോമെൻസ് മോണിട്ടറിംഗ് ഇവാല്യുവേഷൻ നടപ്പിലാക്കിയതിലൂടെ എന്ത് നേട്ടമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | വകുപ്പുകളുടെ പ്രവർത്തനം - പദ്ധതി നിർവ്വഹണം ഉൾപ്പെടെ, വിലയിരുത്തുന്നതിന് നാളിതുവരെ പിൻതുടർന്ന് വന്ന സാമ്പത്തിക പുരോഗതിയുടെ അളവ് കൂടാതെ ഭൗതികവും, ഗുണമേന്മയുടെയും അടിസ്ഥാനത്തിൽ ഓരോ ഇനത്തിലും കൈവരിക്കാൻ കഴിയുന്ന പരമാവധി നേട്ടം മുൻകൂട്ടി നിശ്ചയിച്ച് അത് സമയബന്ധിതമായി നേടുക എന്നതാണ് പെർഫോമെൻസ് മോണിട്ടറിംഗ് ഇവല്യുവേഷൻ നടപ്പിലാക്കിയതിലൂടെ സർക്കാർ പ്രതീക്ഷിക്കുന്നത്. |
| (ബി) | പ്രസ്തുത സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ എന്ത് നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ? | (ബി) | പദ്ധതി രേഖ അനുസരിച്ചും അല്ലാതെയും വകുപ്പ് കാഴ്ചവയ്ക്കുന്ന സേവനലക്ഷ്യം വർഷാരംഭത്തിൽ നിശ്ചയിക്കുകയും വർഷാന്ത്യം അവ നടപ്പിലാക്കിയതിന്റെ വിലയിരുത്തൽ നടത്തുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. എന്നാൽ ഈ രീതി മാറ്റി ത്രൈമാസികമായി വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

Bijumon

സെക്ഷൻ ഓഫീസർ